എൽ.സി.ഒ / 6400/2022/ഇ(2)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം- 695 033,
തീയതി : 17 /10/2022
ഫോൺ: 0471- 2783920
e-mail : lcofficeesection@gmail.com

## സർക്കുലർ നമ്പർ. 13/2022

വിഷയം: തൊഴിൽ വകുപ്പ് - ജീവനകാര്യം- സംസ്ഥാന സർക്കാർ ജീവനക്കാരുടെ അവധികൾ സ്പാർക്ക് മുഖേന ഓൺലൈനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

വായന : ധനകാര്യ വകുപ്പിൽ നിന്നുള്ള 30/09/2022 തീയതിയിലെ ജി.ഒ(പി) നമ്പർ 119/2022/ധന നമ്പർ ഉത്തരവ്.

സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിൽ നിന്നുള്ള സൂചന പ്രകാരമുള്ള ഉത്തരവനുസരിച്ച് സർക്കാർ ജീവനക്കാർ ഏത് തരം അവധികൾ ഉപയോഗിക്കുന്നതിന് 01/10/2022 മുതൽ സ്പാർക്ക് മുഖേന ഓൺലൈനായി റിപ്പോർട്ടിംഗ്/അപ്രൂവിംഗ് അതോറിറ്റിയ്ക്ക് അയച്ചുനൽകി ടി അവധികൾ അപ്രൂവിംഗ് അതോറിറ്റി അപ്രൂവ് ചെയ്ത് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് സ്പാർക്കിൽ ടി ലീവ് അപ്ഡേറ്റ് ചെയ്യുന്നത് വഴി സ്പാർക്കിൽ ടി ജീവനക്കാരന്റെ ലീവ് അനുവദിച്ച ഉത്തരവ് ജനറേറ്റ് ചെയ്യുന്നതും, e-SB-യിൽ ലീവ് സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നതുമായിരിക്കും. സർവ്വീസ് ബുക്കിൽ ആവശ്യമെങ്കിൽ ടി വിവരം രേഖപ്പെടുത്താവുന്നതാണ്.

മേൽ സാഹചര്യത്തിൽ തൊഴിൽ വകുപ്പിലെ എല്ലാ ജീവനക്കാരും വായന ഉത്തരവിനനുസൃതമായി 01/10/2022 മുതലുള്ള എല്ലാ തരം അവധികളും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ടി വിവരങ്ങൾ അറിയുന്നതിന് www.info.spark.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്. ടി വിവരങ്ങളുടെ ഒരു മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1. ലേബർ കമ്മീഷണറുടെ പി.എ
2. അഡീഷണൽ ലേബർ കമ്മീഷണർ (ഡബ്ല്യൂ, ഇ, ഐ.ആർ)
3. ജോയിന്റ് ലേബർ കമ്മീഷണർ (പി)
4. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
5. ജില്ലാ ലേബർ ഓഫീസർ (ആസ്ഥാനം)
6. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ എല്ലാ ജീവനക്കാരും
7. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും, ജീവനക്കാക്കും
8. എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്കും, ജീവനക്കാർക്കും
9. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും, ജീവനക്കാർക്കും
10. എല്ലാ ലേബർ കോടതിജീവനക്കാർക്കും
11. എല്ലാ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ജീവനക്കാർക്കും
12. എല്ലാ ക്ഷേമനിധി ഓഫീസുകൾക്കും
13. വെബ് സൈറ്റ്
14. ഐ.റ്റി സെൽ (പ്രസിദ്ധീകരണത്തിന്)
15. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട് (ഇ)

ജെ.സി 14/10/202